# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 308** **17.10.2016-ൽ മറുപടിക്ക്**

## കാര്യക്ഷമമായ സിവിൽ സർവ്വീസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പുരുഷൻ കടലുണ്ടി**<br>**ശ്രീ. ജോൺ ഫെർണാണ്ടസ്**<br>**ശ്രീ. സി.കൃഷ്ണൻ**<br>**ശ്രീ. എസ്.രാജേന്ദ്രൻ** | **ശ്രീ. പിണറായി വിജയൻ**<br>**മുഖ്യമന്ത്രി** |
| (എ) ചില സർക്കാർ ഓഫീസുകളിൽ കണ്ടുവരുന്ന കെടുകാര്യസ്ഥത, അഴിമതി, ആധിപത്യമനോഭാവം എന്നിങ്ങനെ സാധാരണ ജനങ്ങളെ പൊറുതിമുട്ടിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനായി എന്തു നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;<br><br>(ബി) ഭരണത്തിന്റെ സദ്ഫലങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ സംതൃപ്തവും അതേ സമയം കാര്യക്ഷമവുമായ സിവിൽ സർവ്വീസ് വാർത്തെടുക്കുവാൻ എന്തു മാറ്റങ്ങളാണ് ഉദ്ദേശിക്കുന്നത് ;<br><br>(സി) ജീവനക്കാരിൽ സേവന മനോഭാവം വളർത്താനായി സോഷ്യൽ ആഡിറ്റ് സാദ്ധ്യമാണോ എന്ന കാര്യം പരിശോധിക്കുമോ ? | **(എ), (ബി) & (സി)**<br>കാര്യക്ഷമവും സുതാര്യവും അഴിമതി രഹിതവുമായ സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിനായി വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടെ ഇ-ഗവേണൻസ്, എം-ഗവേണൻസ് എന്നിവ വ്യാപകമായി നടപ്പിലാക്കി വരുന്നു. ഇ-ഓഫീസ് സംവിധാനം ഫയൽ നീക്കം കാര്യക്ഷമവും സുതാര്യവുമാക്കുന്നു. സർക്കാർ ജീവനക്കാരുടെ കാര്യക്ഷമതയും തൊഴിൽപരമായ കഴിവും വർദ്ധിപ്പിക്കുന്നതിനു വേണ്ടി വിവിധ തരത്തിലുള്ള പരിശീലനം നൽകി വരുന്നു. കാര്യക്ഷമമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യത്തോടെ കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഭരണനിർവ്വഹണത്തിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനായി 4-ാമത് ഭരണപരിഷ്കാര കമ്മീഷൻ രൂപീകരിച്ചിട്ടുണ്ട്. സേവനം യഥാസമയം ജനങ്ങൾക്ക് ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ സേവനാവകാശ നിയമം നടപ്പിലാക്കി വരുന്നു. പൗരാവകാശരേഖ പുറപ്പെടുവിച്ച് ഇതു സംബന്ധിച്ച വിവരങ്ങൾ ജനങ്ങൾക്ക് നൽകി വരുന്നു. വിവരാവകാശ നിയമം കർശനമായി പ്രാവർത്തികമാക്കുന്നതിൽ കൂടിയും വിശ്വസ്തതയും സുതാര്യതയും ഉറപ്പുവരുത്താൻ കഴിയുന്നുണ്ട്. പൊതുജനങ്ങളുമായി നേരിട്ട് ബന്ധപ്പെടുന്ന സ്ഥാപനങ്ങളിലും സർക്കാരിന്റെ പ്രധാന പ്രവർത്തികളിലും സോഷ്യൽ ആഡിറ്റ് കൊണ്ടു വരുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ